## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: T 3277

14.07.2015 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മറുപടി പറയേണ്ടത്

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം | ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | പത്താം ശമ്പളകമ്മീഷനെ നിയമിച്ചത് എന്നാണെന്നും, ഇതിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം ആരംഭിച്ചത് എന്നാണെന്നും വ്യക്തമാക്കാമോ; | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30.11.2013 തീയതിയിലെ സ.ഉ.(കൈ) നമ്പർ 583/2013/ധന ഉത്തരവ് പ്രകാരം നിലവിൽ വന്നു. 2014 ആഗസ്റ്റ് മാസം വരെ കമ്മീഷൻ സെക്രട്ടറിയേറ്റിലെ താല്ക്കാലിക ഓഫീസിലാണ് പ്രവർത്തിച്ചിരുന്നത്. 2014 സെപ്റ്റംബർ മാസം മുതൽ നന്തൻകോട് സ്വരാജ് ഭവനിൽ കമ്മീഷന് സ്വന്തമായി ഓഫീസ് അനുവദിച്ചു. സ്ഥിരമായ ഓഫീസ് സംവിധാനം ലഭിച്ചതിനു ശേഷമാണ് പൂർണ്ണ തോതിലുള്ള പ്രവർത്തനം ആരംഭിക്കുവാൻ കമ്മീഷന് സാധിച്ചത്. |
| (ബി) | മഹാരാഷ്ട്ര, തമിഴ്നാട് സംസ്ഥാനങ്ങളിൽ ജീവനക്കാർക്കായി നടപ്പിലാക്കിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്തും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത സംസ്ഥാനങ്ങളിൽ വ്യത്യസ്ത രീതിയിലാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : | കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം സർക്കാർ തീരുമാനമെടുക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ പ്രീമിയം തുക സർക്കാർ നൽകുമോ ; അഥവാ അംഗങ്ങളിൽ നിന്നും ഈടാക്കുമോ ; വിശദമാക്കാമോ; | : | |
| (ഡി) | ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്താൻ നടപടി | : | സംസ്ഥാന സർവ്വീസിലെ ജീവനക്കാർക്കും പെൻഷൻകാർക്കുമായി ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സാദ്ധ്യതാ പഠനം, പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിലെ പ്രധാന |

| | | | |
|---|---|---|---|
| . | സ്വീകരിക്കുമോ ; എങ്കിൽ ആയതിലേയ്ക്കായി കമ്മീഷന്റെ കാലാവധി ദീർഘിപ്പിക്കാണമെന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | | ഇനങ്ങളിൽ ഒന്നാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ വിവിധ ഇൻഷ്വറൻസ് സ്ഥാപനങ്ങളുമായി ചർച്ച നടത്തിവരുന്നു. ജീവനക്കാർക്കും പെൻഷൻകാർക്കും സ്വീകാര്യമായ രീതിയിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സാക്ഷാത്കരിക്കാൻ ദീർഘ പഠനം ആവശ്യമാണ്. ഇക്കാര്യം കൂടി കണക്കിലെടുത്ത് പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി 01.07.2015-ലെ സ.ഉ.(കൈ)നം.263/2015/ധന പ്രകാരം 30.11.2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ